8. കണ്ണൂർ ജില്ലയിൽ നടന്ന ഒരു ബലാൽസംഗകേസിലെ പ്രതികളെ അറസ്റ്റുചെയ്തു റിമാൻഡിൽ വച്ചിട്ടുണ്ട്.

മറ്റു ജില്ലകളിൽ ഈ കാലയളവിൽ ബലാൽസംഗങ്ങൾ നടന്നതായി റിപ്പോർട്ട് ഇല്ല.

ശ്രീ. പ്രതാപവർമ്മ തമ്പാനെ കുത്തി പരിക്കേല്പിച്ച സംഭവം

391. [500] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി കോംപസ്സിൽ വച്ച് കെ. എസ്. യു. നേതാവ് ശ്രീ. പ്രതാപവർമ്മ തമ്പാനെ കുത്തി പരിക്കേല്പിച്ചതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) ഈ സംഭവുമായി ബന്ധപ്പെട്ട എത്ര പേരുടെ പേരിൽ കേസ് ചാർജ് ചെയ്തിട്ടുണ്ട് ;

(സി) ഇതിനകം എത്ര പേരെ അറസ്റ്റ് ചെയ്തു; ഇതുമായി ബന്ധപ്പെട്ട് ഇനിയും അറസ്റ്റ് ചെയ്യപ്പെടേണ്ടവരുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്നു പേരുടെ

(സി) ഒരാളെ അറസ്റ്റു ചെയ്തു. ഇനി രണ്ടു പേരെ അറസ്റ്റു ചെയ്യാനുണ്ട്.

സി. ആർ. പി. എഫിന്റെ സേവനം

392. [501] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ക്രമസമാധാന പാലനത്തിന് സി. ആർ. പി. എഫിന്റെ സേവനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം ;

(സി) അതിനുവേണ്ടി ചെലവഴിച്ച തുക എത്ര ?

ഉത്തരം

(എ) ഉണ്ട്,

(ബി) സി. ആർ. പി. എഫിനെ തുടർച്ചയായി സംസ്ഥാനത്ത് സേവനത്തിന് നിയോഗിക്കാറുള്ളതുകൊണ്ട് കൃത്യമായി എത്ര പ്രാവശ്യം നിയോഗിച്ചു എന്നു പറയാവുന്നതല്ല.

(സി) 87,36,897.04 രൂപ.

LIBRARY ARCHIVES Kerala Legislative Assembly